# സമഗ്ര വിദ്യാലയ വികസന രേഖ

# സ്കൂൾ മാസ്റ്റർ പ്ലാൻ

## അക്കാദമികം

## 2025-2026

**സെന്റ് പോൾസ് സി.എൽ.പി.എസ്**

**കണ്ണിക്കര**

# <u>ഉള്ളടക്കം</u>


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘു ചരിത്രം
4. വിദ്യാലയം മികവിൻ കേന്ദ്രം – കാഴ്ചപ്പാട്
5. പദ്ധതി രൂപീകരണ പ്രക്രിയ – വിവിധ ഘട്ടങ്ങൾ
6. നിലവിലെ അവസ്ഥാ വിശകലനം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ – ഒറ്റ നോട്ടത്തിൽ
8. പദ്ധതി വിശദാംശങ്ങൾ

   ( മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം )
9. പ്രതീക്ഷിത നേട്ടങ്ങൾ
10. മോണിട്ടറിംഗ്
11. ഉപസംഹാരം

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : സെന്റ് പോൾസ് സി എൽ പി എസ് കണ്ണിക്കര |
| വിലാസം | : കടുപ്പശ്ശേരി P.O 680683 |
| ഫോൺ | : 0480 – 2789998 |
| സ്കൂൾ കോഡ് | : 23513 |
| വിദ്യാഭ്യാസ ഉപജില്ല | : മാള |
| വിദ്യാഭ്യാസ ജില്ല | : ഇരിഞ്ഞാലക്കുട |
| റവന്യൂ ജില്ല | : തൃശ്ശൂർ |
| ബി ആർ സി | : മാള |
| സി ആർ സി | : കൊമ്പൊടിഞ്ഞാമാക്കൽ |
| ഗ്രാമ പഞ്ചായത്ത് | : ആളൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : മാള |
| ജില്ലാ പഞ്ചായത്ത് | : തൃശ്ശൂർ |
| നിയമസഭാ മണ്ഡലം | : ഇരിഞ്ഞാലക്കുട |
| ലോകസഭാ മണ്ഡലം | : തൃശ്ശൂർ |
| താലൂക്ക് | : ചാലക്കുടി |
| വില്ലേജ് | : താഴേക്കാട് |
| ഇ മെയിൽ | : stpaulkannikkara@gmail.com |

## ആമുഖം

തൃശ്ശൂർ ജില്ല ചാലക്കുടി താലൂക്കിൽ, ആളൂർ പഞ്ചായത്തിൽ, താഴേക്കാട് വില്ലേജിൽ ഒരു ചെറിയ കര – കണ്ണിക്കര, പച്ചപരവതാനി വിരിച്ച വയലേലകളാൽ ചുറ്റപ്പെട്ട കണ്ണായ കര. കാരക്കാട്ട് ചിറയും എടമന പാടവും ചാത്തൻ ചിറയും വെങ്കുളവും പരന്നപാടവും അമ്പലത്തുപാടവും . ദീർഘ വൃത്താകൃതിയിൽ അരഞ്ഞാണം തീർത്തിരിക്കുന്ന ഈ കരയിൽ മാവും പ്ലാവും തെങ്ങും കവുങ്ങും, ചേനയും ചേമ്പും എന്നുവേണ്ട എല്ലാത്തരം ഫലവൃക്ഷലതാദികളാലും സമ്പൽ സമൃദ്ധമാണ് ഈ പ്രദേശം. ഇതിനെല്ലാം മുകളിൽ തലയുയർത്തി നിൽക്കുന്ന സരസ്വതീക്ഷേത്രം – കണ്ണിക്കര പ്രൈമറി വിദ്യാലയം. സാക്ഷരതയിൽ ആളൂർ ഗ്രാമപഞ്ചായത്തിൽ ഒന്നാമത്തെ വാർഡ് ജനസംഖ്യ ഏകദേശം 3000 ത്തോളം വരും . വിസ്തൃതിയിൽ ഏകദേശം 150 ഹെക്ടർ ഉണ്ടാകും. സംസ്കാര സമ്പന്നരായ ജനത ഉള്ളതു കൊണ്ട് ഓണം പോലെ ജീവിക്കുന്ന മനുഷ്യസ്നേഹികൾ. മതസൗഹാർദ്ദം നിറഞ്ഞു നിൽക്കുന്ന ഗ്രാമാന്തരീക്ഷം.

## ലക്ഷ്യങ്ങൾ

- ശിശുസൗഹൃദമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കും.
- കുട്ടികളുടെ അറിവിന്റെ തലം വിപുലമാക്കും.
- എഴുത്ത് വായന എന്നിവ ചിന്താപരവും അനുഭവപരവും രസകരവുമായ പ്രവർത്തനമായി മാറ്റും.
- തനതു പ്രവർത്തനമായി എഴുത്ത് വായന എന്നിവയ്ക്ക് മുൻഗണന നൽകുന്ന പ്രവർത്തനങ്ങൾ നൽകും.
- വായന, എഴുത്ത് വ്യത്യസ്ഥവും വൈവിധ്യപൂർണ്ണവുമാക്കും.
- മികച്ച രചനകൾ വിവിധ രൂപത്തിൽ പ്രസിദ്ധീകരിക്കുന്ന പ്രവർത്തനങ്ങൾ നൽകും.
- സ്വതന്ത്ര രചനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കും.
- സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കും.
- ക്ലാസ്സ് പി.ടി.എ സജീവമാക്കും.
- മൂല്യനിർണ്ണയത്തിലൂടെ കുട്ടികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തും.
- ഭയമില്ലാതെ സ്വന്തം കഴിവുകൾ പ്രകടിപ്പിക്കാൻ അവസരം നൽകും.

- പ്രകൃതിയെയും പരിസ്ഥിതിയെയും സ്നേഹിക്കാനും, സംരക്ഷിക്കാനും പ്രാപ്തരാക്കും.
- സർവ്വോപരി മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെ സമൂഹത്തിന് ഉതകുന്ന നല്ല പൗരന്മാരെ വാർത്തെടുക്കും.
- സ്മാർട്ട് ക്ലാസ്സ് റൂം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കും.
- മൂല്യാധിഷ്ഠിത ക്ലാസ്സുകൾ കുട്ടികൾക്കും രക്ഷിതാക്കൾക്കും നൽകും.
- വിദ്യാർത്ഥികളുടെ ഭവനങ്ങൾ സന്ദർശിച്ച് ജീവിതാവസ്ഥ മനസ്സിലാക്കും.
- മാസാന്ത്യത്തിൽ ക്ലാസ്സ് പി.ടി.എ നടത്തും.
- വിദ്യാർത്ഥികളെ കലാകായിക പ്രവർത്തിപരിചയ മേളയിൽ പങ്കെടുപ്പിക്കും.

## വിദ്യാലയത്തിന്റെ ചരിത്രം

വിദ്യാലയചരിത്രം

1926 (മലയാള വർഷം 1102 ലെ) വിദ്യാരംഭദിനത്തിൽ കണ്ണിക്കര എന്ന ഈ കൊച്ചുഗ്രാമത്തിൽ ഒരു വിദ്യാലയം ആരംഭിച്ചു എന്നത് ഒരത്ഭുതം തന്നെയാണ്. സ്വന്തമായി സ്ഥലമില്ലാത്ത പാട്ടനിലങ്ങളിലും പാട്ടപ്പറമ്പുകളിലും പണിചെയ്ത് ഉപജീവനം നടത്തിയിരുന്ന ഒരു ജനത. കുറിയേടത്ത് മനക്കാരുടെയും, കുടുപ്പുള്ളി മനക്കാരുടെയും ജന്മിത്വത്തിൽ പാട്ടക്കാരായിരുന്നു ഈ പരിസരത്തെ ജനങ്ങളധികവും.

ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രത്തിൽ നിന്നും കൂടപ്പുഴയിലെയ്ക്കുള്ള തേവരുടെ എഴുന്നെള്ളത്ത് പാതയും സ്ത്രീധനകാവിലേയ്ക്കും, നമ്പൂതിരിമാരുടെ ഒഹോ വിളിയോടെ തേർവാഴ്ച സമയത്ത് മാറി നിൽക്കാനുള്ള പുറംപോക്ക് ഭൂമിയും, ദൃഷ്ടിയിൽപ്പെട്ടാൽ അശുദ്ധമാകുന്ന തിരുമേനിമാരുടെ എഴുന്നെള്ളത്തും, ജാതി മേൽക്കോയ്മ ഉയർന്ന് നിന്നിരുന്ന ഓലക്കുടയും മൊറയും , വേദപഠനം കേട്ടാൽ ചെവിയിൽ ഈയം ഉരുക്കി ഒഴിച്ചിരുന്ന കാലഘട്ടം. സവർണ്ണരായ നമ്പ്യാർ മാസ്റ്ററും മാധവൻ മാസ്റ്ററും കൂടി ഒരു തൊഴിൽ പരിശീലന കേന്ദ്രം എലിമെന്ററി സ്കൂൾ ആരംഭിച്ചു. വിദ്യാഭ്യാസം ജനകീയമല്ലാതിരുന്ന ആ കാലത്ത് അവർണ്ണർക്ക് വിദ്യാഭ്യാസം തീണ്ടാപ്പാടകലെയായിരുന്നു. പഠനത്തോടൊപ്പം ഒരു ചെറിയ വരുമാനം ലഭിക്കുക അന്ന് വളരെ നല്ല കാര്യമായിരുന്നു. തന്മൂലം സ്കൂളിൽ ചേർത്തിരുന്നത് 5 വയസ്സുമുതൽ 15 വയസ്സുവരെയുള്ളവരെയായിരുന്നു. പായയും പനമ്പും, കൊട്ടയും, വട്ടിയും അവർ ഉണ്ടാക്കി. ഓലക്കുട ഉണ്ടാക്കാനും പഠിപ്പിച്ചിരുന്നു. ഇരിപ്പിടത്തിന്റെ കാര്യത്തിലും അന്ന് വിവേചനമുണ്ടായിരുന്നതായി പറയപ്പെടുന്നു.

2 വർഷക്കാലം വിദ്യാലയം ചൂരക്കാരന്റെ പറമ്പിൽ താത്കാലിക ഷെഡിൽ അദ്ദേഹത്തിന്റെ സന്മനസ്സുകൊണ്ട് നടത്തിപ്പോന്നു. തുടർന്ന് അവിട്ടത്തൂർ കുറിയേടത്ത് മനയ്ക്കലെ ശ്രീകുമാരൻ നമ്പൂതിരി അദ്ദേഹത്തിന്റെ പേരിലുണ്ടായിരുന്ന 123 സെന്റ് എഴുന്നള്ളത്ത് പാതയോട് ചേർന്ന് കല്ലും മരവും ഓടും ഉപയോഗിച്ച് കെട്ടിടം പണിതു. സ്കൂളിന്റെ പ്രവർത്തനം അവിടേയ്ക്കു മാറ്റി. മാനേജ്മെന്റ് അദ്ദേഹം ഏറ്റെടുത്ത് ഗവൺമെന്റ് എയ്ഡഡ് സ്കൂൾ ആക്കി രൂപാന്തരപ്പെടുത്തി. ദേവീവിലാസം ലോവർ പ്രൈമറി സ്കൂൾ എന്ന പേരും നൽകി.

1930–ൽ സ്കൂൾ അതിന്റെ പൂർണ്ണരൂപത്തിലായപ്പോൾ ശ്രീനാരായണകുറിപ്പ് ഹെഡ്മാസ്റ്ററായി ചുമതലയേറ്റു, ചുറ്റുപാടും വിദ്യാലയങ്ങളൊന്നും ഇല്ലാതിരുന്ന കാലഘട്ടത്തിൽ അയൽപ്രദേശളായ അവിട്ടത്തൂർ, തൊമ്മാന, താഴേക്കാട്, കൊമ്പിടിഞ്ഞാമാക്കൽ, തുമ്പൂർ, കടുപ്പശ്ശേരി എന്നിവടങ്ങളിൽ നിന്ന് കുട്ടികൾ ഇവിടെ വിദ്യാഭ്യാസത്തിന് വന്നതായി രേഖകളിൽ കാണുന്നു. 5–ാം ക്ലാസ്സുവരെ ഉണ്ടായിരുന്ന വിദ്യാലയത്തിൽ 1959 ൽ ഗവൺമെന്റിന്റെ പ്രത്യേക കല്പനപ്രകാരം അഞ്ചാം ക്ലാസ്സ് എടുത്തുമാറ്റി നാലാം ക്ലാസ്സ് വരെയാക്കി. 1967 ൽ ശ്രീ എം. ആർ ദാമോദരൻമാസ്റ്റർ ഹെഡ്മാസ്റ്ററായി ചാർജ്ജെടുത്തു. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ഓരോ ക്ലാസ്സും രണ്ട് ഡിവിഷൻ വീതമാവുകയും ചെയ്തു. സ്കൂൾ സ്ഥാപകരായ അദ്ധ്യാപകരെ കൂടാതെ പുതിയതായി 4 അദ്ധ്യാപകർ കൂടി ജോലി ചെയ്യുകയും ചെയ്തു.

ആരെയും കാത്ത് നിൽക്കാതെ കാലം മുന്നേറി. കാലാകാലങ്ങളിൽ വിദ്യാലയത്തിനും, അദ്ധ്യാപകർക്കും മാനേജ്മെന്റിനും വ്യത്യാസം വന്നു കൊണ്ടിരുന്നു. 1991 ൽ ശ്രീ. ഡേവീസ് കോക്കാട്ട് ദേവീവിലാസം സ്കൂൾ വാങ്ങുകയും അദ്ദേഹത്തിന്റെ പിതാവിന്റെ സ്മരണ നിലനിർത്തുന്നതിനായി K.I.K.L.P School എന്ന് പുനർനാമകരണം നടത്തി. സ്കൂൾ അപ് ഗ്രേഡിന് ശ്രമിച്ചെങ്കിലും നടന്നില്ല. ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളുടെ ആവിർഭാവം വിദ്യാലയത്തെ സാരമായി ബാധിച്ചു. ഡിവിഷനുകൾ നാലായി. 1992 ൽ ശ്രീമതി. പി.കെ. ഭവാനി ടീച്ചർ പ്രധാന അദ്ധ്യാപികയായി ചുമതലയേറ്റു. 1998 ൽ സ്കൂളിന്റെ മാനേജ്മെന്റ് ഇരിങ്ങാലക്കുട ഉദയ പ്രോവിൻസിലെ ബഹു. കർമ്മലീത്ത സന്യാസികൾ ഏറ്റെടുത്തു. തുടർന്ന് സ്കൂളിന്റെ നവോത്ഥാനകാലമായി എന്നു പറയാം. 1998 ൽ സി.എം. സെബാസ്റ്റ്യൻ മാസ്റ്റർ ഹെഡ്മാസ്റ്ററായി ചുമതലയേറ്റു. സ്കൂളിന്റെ പഴയ കെട്ടിടം പൊളിച്ചുമാറ്റി ഹൈസ്കൂളിന്റെ കെട്ടും മട്ടും തോന്നിക്കുന്ന വലിയ കോൺക്രീറ്റ് കെട്ടിടം നിർമ്മിക്കുകയും 1999 മുതൽ വിദ്യാലയത്തിന്റെ പ്രവർത്തനം അതിലേക്ക് മാറ്റുകയും ചെയ്തു. 2002ൽ ശ്രീ പി.പി. ഫ്രാൻസീസ് മാസ്റ്റർ പ്രധാന അധ്യാപകനായി ചുമതലയേറ്റു.

## നിലവിലെ അവസ്ഥാവിശകലനം

**ഭൗതികം : നേട്ടങ്ങൾ**

1926ൽ പ്രാരംഭം കുറിച്ച് 93–ാം വയസ്സിലെത്തി നിൽക്കുന്ന ഈ വിദ്യാലയത്തിന്റെ പ്രാരംഭാവസ്ഥയിൽ നിന്ന് തികച്ചും വ്യത്യസ്തമായി 1999ൽ പുതിയ കെട്ടിടമെന്ന സ്വപ്നം സാക്ഷാത്കരിച്ച് പഠനം അതിലേക്ക് മാറ്റുന്നതിന് മാനേജ്മെന്റ് ഏറ്റെടുത്ത ത്യാഗം വളരെ വലുതാണ്. നവതിയാഘോഷത്തിന്റെ ഭാഗമായി മാനേജ്മെന്റിനെ സമീപിക്കുകയും പഴയ ടോയ്‌ലറ്റിന്റെ അവസ്ഥയിൽ നിന്ന് മാറി പുതിയതും മനോഹരവുമായ ടോയ്‌ലറ്റ് സൗകര്യം ഒരുക്കി തന്നു.2010ൽ വിദ്യാലയത്തിന്റെ ഓഫീസ് റൂം നവീകരിക്കുക എന്ന ലക്ഷ്യത്തോടെ Rtd. അധ്യാപിക ശ്രീമതി കെ.വി. റോസിലി ടീച്ചറെ സമീപിക്കുകയും ടീച്ചറുടെ സഹകരണത്തോടെ ഓഫീസ് റൂം ടൈലിട്ട് പുതുക്കി. 2017ൽ മേനേജ്മെന്റ് പഴയ പാചകപുരയും അനുബന്ധ സംവിധാനങ്ങളും നവീകരിച്ച് ആധുനിക സൗകര്യങ്ങളോടു കൂടിയ പാചകപുര പണിതീർത്തു എന്നതിൽ ഞങ്ങൾക്കഭിമാനമുണ്ട്.

## അക്കാദമിക പ്രവർത്തനങ്ങൾ

- ഭാഷാനൈപുണി കൈവരിക്കൽ
- ലൈബ്രറി ശാക്തീകരണം
- ഗണിതം നിത്യജീവിതത്തിൽ
- ഇംഗ്ലീഷ് പഠനം രസകരം
- ശാസ്ത്ര സാങ്കേതിക മേഖലകളിൽ മികവ്
- പഠനയാത്രകൾ
- കലാകായിക പരിശീലനം
- സജീവമായ ക്ലാസ് പി.ടി.എ
- പ്രവൃത്തി പരിചയമേഖലയിൽ പരിശീലനം
- ശക്തമായ S.R.G
- കാർഷിക മേഖലയിലേക്ക്
- മെഡിക്കൽ പരിശോധന
- രുചികരവും പോഷക സമൃദ്ധവുമായ ഉച്ച ഭക്ഷണം

- ദിനാചരണങ്ങൾ
- പ്രതിഭകളെ നേടൽ
- സാഹിത്യാഭിരുചി വളർത്തുക
- രചനാ വൈദഗ്ധ്യം തെളിയിക്കൽ
- ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ
- ഐ.ടി പരിശീലനം
- വായന, എഴുത്ത് വ്യത്യസ്ഥവും വൈവിധ്യപൂർണ്ണവുമാക്കുക.
- മികച്ച രചനകൾ വിവിധ രൂപത്തിൽ പ്രസിദ്ധീകരിക്കുന്ന പ്രവർത്തനങ്ങൾ നൽകുന്നു.
- സ്വതന്ത്ര രചനക്ക് കുട്ടികളെ പ്രാപ്തരാക്കുക.
- മൂല്യനിർണ്ണയത്തിലൂടെ കുട്ടികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.
- ഭയമില്ലാതെ സ്വന്തം കഴിവുകൾ പ്രകടിപ്പിക്കാൻ അവസരം നൽകുന്നു.
- പ്രകൃതിയേയും പരിസ്ഥിതിയേയും സ്നേഹിക്കാനും സംരക്ഷിക്കാനും പ്രാപ്തരാക്കുക.
- സർവ്വോപരി മൂല്യാതിഷ്ഠിത വിദ്യാഭ്യാസത്തിലൂടെ സമൂഹത്തിന് ഉതകുന്ന നല്ല പൗരന്മാരെ വാർത്തെടുക്കുന്നു.
- സ്മാർട്ട് ക്ലാസ് റൂം രൂപീകരണത്തിനായി പ്രവർത്തിക്കുന്ന പരിശ്രമങ്ങൾ യാഥാർത്ഥ്യമാക്കുക.
- മൂല്യാധിഷ്ഠിത ക്ലാസുകൾ കുട്ടികൾക്കും രക്ഷിതാക്കൾക്കും നൽകുന്നു.
- വിദ്യാർത്ഥികളുടെ ഭവനം സന്ദർശിക്കുക.
- മാസാന്ത്യത്തിൽ ക്ലാസ് പി.ടി.എ നടത്തുന്നു.
- കലാകായികപ്രവൃത്തിപരിചയ മേളയിൽ പങ്കെടുപ്പിക്കുന്നു.
- നിരന്തര മൂല്യ നിർണ്ണയവും വിലയിരുത്തലും
- ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ

## ഭാഷാവികസനം

### വിഷയം – മാതൃഭാഷ

- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിപ്പിക്കാനും എഴുതാനും പരിശീലിപ്പിക്കുന്നു. വായനാകാർഡുകൾ, പദകാർഡുകൾ നിർമ്മാണം , ചിത്രവായന, ഭാഷാകേളികൾ , ഇ വായന എന്നിവ പരിപോഷിപ്പിക്കുന്നു.

- വായനാക്കൂട്ടം രൂപീകരിച്ച് പതിപ്പുനിർമ്മാണം
- ചിത്ര സഹായത്തോടെ കഥാരൂപീകരണം

## ഗണിതം

- സംഖ്യാകാർഡുകൾ നിർമ്മിക്കുന്നു.
- വസ്തുക്കൾ ഉപയോഗിച്ച് എണ്ണുന്നു, എഴുതുന്നു.
- സംഖ്യാഗാനങ്ങൾ വഴി സംഖ്യാബോധം ഉണ്ടാക്കുന്നു.
- അബാക്കസ് നിർമ്മാണവും സ്ഥാന വിലയും പരിശീലിക്കുന്നു.
- സംഖ്യാറിബ്ബൺ ഉപയോഗപ്പെടുത്തി ആരോഹണം, അവരോഹണം , മുന്നിലുള്ള സംഖ്യ, പിന്നിലുള്ള സംഖ്യ, ഒറ്റ സംഖ്യ, ഇരട്ട സംഖ്യ മുതലായവ കണ്ടെത്തുന്നു. രേഖപ്പെടുത്തുന്നു.
- വസ്തുക്കൾ ഉപയോഗിച്ച് കൂട്ടാനും കുറയ്ക്കാനും പഠിക്കുന്നു.
- മാന്ത്രിക ചതുരം, പസിലുകൾ എന്നിവ ഉപയോഗപ്പെടുത്തി ചിന്താശേഷി വർദ്ധിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ നൽകുന്നു.
- കൂടുതൽ രസകരവും വിജ്ഞാനപ്രദവുമാക്കാൻ ഐ.ടി ഉപയോഗപ്പെടുത്തുന്നു.
- വാണിജ്യ വ്യാപാര മേഖലകൾ സൃഷ്ടിച്ച് ഗണിതക്രിയകൾ കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുന്നു.

## ശാസ്ത്രം

- കുട്ടികൾക്ക് ശാസ്ത്രാഭിരുചി വളർത്തുന്നതിന് ഉതകുന്നതരത്തിലുള്ള നിരീക്ഷണം, പരീക്ഷണം, വർഗ്ഗീകരണ മേഖലകൾ സൃഷ്ടിക്കുന്നു.
- പരീക്ഷണ വേദികൾ സജ്ജമാക്കിക്കൊടുക്കുന്നു.
- പഠനയാത്രകൾക്കവസരം നൽകുന്നു.
- ശാസ്ത്രമേളകളിൽ പങ്കെടുക്കാൻ അവസരം നൽകുന്നു.
- ശാസ്ത്രാഭിരുചി വളർത്തുന്നതിന്, ശാസ്ത്രജ്ഞൻമാരെ പരിചയപ്പെടുത്തുന്നതിനുമായി ഐ.ടി. മേഖല ഉപയോഗപ്പെടുത്തുന്നു.

## സാമൂഹികശാസ്ത്രം

- പ്രകൃതിയിലേക്കും ,സമൂഹത്തിലേക്കും ഇറങ്ങിചെല്ലാൻ അവസരം സൃഷ്ടിക്കുന്നു ഭൂപ്രകൃതി മനസ്സിലാക്കുന്നു.
- മുതിർന്ന വ്യക്തികളുമായി അഭിമുഖം നടത്തുന്നതിന് അവസരം സൃഷ്ടിക്കുന്നു.
- പഴയകാല ഉപകരണങ്ങളും, കൃഷിരീതികളും ഭക്ഷണശീലങ്ങളും മറ്റും മനസ്സിലാക്കാൻ അവസരം നൽകുന്നു.ഇതിനായി ഐ.ടി മേഖല പ്രയോജനപ്പെടുത്തുന്നു.
- ദിനാചരങ്ങളിലൂടെ ദേശത്തിന്റെയും, വ്യക്തികളുടേയും, പ്രകൃതിയുടേയും പ്രധാന്യം മനസ്സിലാക്കുന്നു.
- പഠനയാത്രയിലൂടെ പല ദേശത്തിന്റെ കലാകായിക ആചാരനുഷ്ഠാനങ്ങൾ മനസ്സിലാക്കുന്നതിന് സഹായിക്കുന്നു.

## ആരോഗ്യ കായിക വിദ്യാഭ്യാസം

- സ്കൂൾ പരിസരം ആരോഗ്യകരമാക്കാൻ കുട്ടികൾക്കും, സമൂഹത്തിനും ബോധവൽക്കരണം നടത്തുന്നു.
- ശുചിത്വ ക്ലബ് രൂപീകരണത്തിലൂടെ വ്യക്തി ശുചിത്വത്തിന് പ്രത്യേക ചാർട്ടുകൾ രൂപീകരിക്കുന്നു.
- വിദ്യാലയം ഹരിതവൽക്കരിക്കുന്നതിന്റെ ഭാഗമായി കുടിവെള്ള സൗകര്യവും, പച്ചക്കറിത്തോട്ട നിർമ്മാണം പരിപോഷിപ്പിക്കുന്നു.
- സമ്പൂർണ്ണ ശുചിത്വത്തിന്റെ ഭാഗമായി അധ്യാപകരും വിദ്യാർത്ഥികളും സമൂഹവും ചേർന്ന് പ്ലാസ്റ്റിക് നിർമാർജ്ജന യജ്ഞവും നടത്തി വരുന്നു,
- കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിന്റെ ഭാഗമായി, ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ സഹായം സ്വീകരിച്ചുവരുന്നു.
- കായികാരോഗ്യം നിലനിർത്തുന്നതിനായി ഡാൻസ്, കരാട്ടെ,യോഗ കായിക പരിശീലനം എന്നിവ പരിശീലിപ്പിക്കുന്നു.
- പോഷണമേറിയതും, സ്വാദിഷ്ടവുമായ നല്ല ഭക്ഷണം കുട്ടികൾക്ക് നൽകുന്നു.
- മാതാപിതാക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു.
- കുട്ടികളുടെ മാനസിക നിലവാരം മെച്ചപ്പെടുത്തന്നതിനായി കുട്ടികളുടെ വീട്ടു സന്ദർശനം നടത്തി വരുന്നു. ആവശ്യമായവർക്ക് കൗൺസിലിംഗ് സൗകര്യവും നടത്തിവരുന്നു.

- എല്ലാ പ്രവർത്തനങ്ങൾക്കും P.T.A,M.P.T.A, S.R.G, S.S.G എന്നിവരുടെ സഹായ സഹകരണങ്ങൾ ആവശ്യപ്പെടുന്നു.

## പ്രവർത്തനം -1

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ 2 ദിവസം കുട്ടികൾതന്നെ അസംബ്ലിയുടെ ചുമതല ഏറ്റെടുത്ത് ഇംഗ്ലീഷിൽ അവതരിപ്പിക്കുക. ഓരോ ക്ലാസിനും ചുമതല | ആഴ്ചയിൽ 2 ദിവസം | ക്ലാസ് ടീച്ചർ | - |

## പ്രവർത്തനം -2

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഡയറി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷിനേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടത്തുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക | ആഴ്ചയിൽ 5 ദിവസം | അദ്ധ്യാപിക | - |

## പ്രവർത്തനം -3

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഫെസ്റ്റ്

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറ യാനും എഴു താനും കഴി യുന്ന നിലവാര ത്തിലേക്ക് എത്തിക്കൽ | 2 തവണ ഫുൾഡേ , ഇംഗ്ലീഷ് ഫെസ്റ്റ്. മുഴുവൻ പ്രവർത്തന ങ്ങളും ഇംഗ്ലീഷിൽ അവതരിപ്പിക്കൽ | 2 ദിവസം | എച്ച്. എം + ക്ലാസ് ടീച്ചേഴ്സ് | |

## പ്രവർത്തനം 4

പേര് : പദപ്രശ്ന നിർമ്മാണം

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളികളി ലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടി കൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയി കൾക്ക് സമ്മാനം നൽകുന്നു. | ത്രൈമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ് | |

## പ്രവർത്തനം 5

പേര് : ഇംഗ്ലീഷ് കോർണർ

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ് | |

## ഭാഷ

## പ്രവർത്തനം - 1

പേര് : രചനാശില്പശാല

ഉപമേഖല : മാതൃഭാഷയിലെ വിവിധശേഷി വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ | രചനാശില്പശാലയിലെ ഉത്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ ക്ലാസ് മുറിയിലെ പഠനസാമഗ്രിയാക്കുന്നു | ടേമിൽ ഒരു പ്രാവശ്യം | ഭാഷാ ക്ലബ് | സ്പോൺസർഷിപ്പ് |

## പ്രവർത്തനം 2

പേര് : സർഗ്ഗസല്ലാപം

ഉപമേഖല : ഭാഷാവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവു നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുക്കാരെ സ്കൂളിലെത്തിക്കൽ അവരുടെ അനുഭവം പങ്കുവയ്ക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എച്ച്. എം + പി.ടി. എ | സ്കൂൾ |

## പ്രവർത്തനം 3

പേര് : ഗ്രന്ഥശാലാ ശാക്തീകരണം

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ലൈബ്രറിയിലേക്ക് കൂടുതൽ പുസ്തകങ്ങൾ കണ്ടെത്തൽ. പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമപ്പെടുത്തൽ. രജിസ്റ്ററുകൾ സൂക്ഷിക്കൽ– രേഖപ്പെടുത്തൽ | വർഷത്തിൽ ഒരു തവണ | എച്ച്. എം, പി.ടി. എ, ക്ലാസ് ടീച്ചേഴ്സ് | സ്പോൺസർഷിപ്പ് |

## പ്രവർത്തനം 6

പേര് : കുട്ടീസ് റേഡിയോ

ഉപമേഖല : ഭാഷയുടെ പ്രകടനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അവതരണ മികവ് കൈവരിക്കൽ | വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റുഡിയോയിൽ നിന്നും എല്ലാ ക്ലാസുകളിലും ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലേക്ക് ഒഴിവുസമയത്ത് കുട്ടികളുടെ വിവിധ പരിപാടി അവതരണം. | ദിവസവും ഒഴിവു സമയത്ത് | | |

## പ്രവർത്തനം 7

പേര് : ദിനാചരണങ്ങൾ

ഉപമേഖല : സമഗ്രവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ S.R.G യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ സംഘടിപ്പിക്കും. | ആവശ്യാനുസരണം | S.R.G | സ്കൂൾ |

# ഗണിതം

## പ്രവർത്തനം 1

പേര് : ഒറിഗാമി ശില്പശാല

ഉപമേഖല : ഗണിതശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതശേഷിയി ലൂടെ രസകരമായ ഗണിതശാസ്ത്ര പഠനവും കര ചലന ശേഷികളുടെ വികാസവും | ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കു ന്നതിനുള്ള പരിശീലനം നൽകൽ . വിവിധ രൂപ ങ്ങൾ നിർമ്മിക്കുന്നു, അവയുടെ ഗണിത സവി ശേഷതകൾ പട്ടികപ്പെ ടുത്തി പ്രദർശിപ്പിക്കും. | വർഷ ത്തിൽ ഒരു പ്രാവശ്യം | S.R.G<br>P.T.A | O.S.A |

## പ്രവർത്തനം 2

പേര് : ഗണിതമൂല സജ്ജീകരണം

ഉപമേഖല : ഗണിതശേഷി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠന പ്രവർത്തന ങ്ങൾ സുഗമ മാക്കൽ | ക്ലാസ് മുറിയിലെ ഒരു ഭാഗത്ത് ഗണിതലാബ് സജ്ജമാക്കി ഗണി തക്ലാസ് സജ്ജ മാക്കും | ആവശ്യാ നുസരണം | ഗണിതക്ലബ് | വിദ്യാലയം |

## പ്രവർത്തനം 3

പേര് : ഗണിതപാർക്ക്

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതം മധുരതരമാക്കൽ | വിദ്യാലയമുറ്റത്തെ പാർക്കിൽ ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി പാർക്ക് സജ്ജമാക്കുന്നു | ഒരു പ്രാവശ്യം | ഗണിത ക്ലബ്<br>S.R.G | മാനേജ്മെന്റ് |

## പ്രവർത്തനം 4

പേര് : ഗണിതകൗതുകം

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതം വിസ്മയം പ്രവർത്തനങ്ങളിലൂടെ കൈവരിക്കൽ | ക്ലാസിലെ ഓരോ കുട്ടിയും ഗണിത വിസ്മയങ്ങൾ ഒരുക്കി പതിപ്പ് തയ്യാറാക്കി മാഗസിൻ നിർമ്മിക്കുന്നു. | ടേമിൽ ഒന്ന് | ക്ലാസ് ടീച്ചർ | പി.ടി.എ |

# ശാസ്ത്രം

## പ്രവർത്തനം 1

പേര് : ശാസ്ത്രമൂല

മേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രമൂല സജ്ജീകരിക്കൽ | ശാസ്ത്രപരീക്ഷണങ്ങളും മറ്റു പ്രവർത്തനങ്ങളും നടത്തുന്നതിനാവശ്യമായ സാമഗ്രികൾ ശേഖരിച്ച് സജ്ജമാക്കുന്നു. | ആവശ്യാനുസരണം | സയൻസ് ക്ലബ് അധ്യാപകർ | S.S.G |

## പ്രവർത്തനം 2

പേര് : മേളകൾ

മേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | അധ്യാപകർ | വിദ്യാലയം, പി.ടി.എ |

## പ്രവർത്തനം 3

പേര് : സാമൂഹികശാസ്ത്രം ക്ലാസുകളിൽ

ഉപമേഖല : സാമൂഹികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക | സാമൂഹിക ശാസ്ത്ര പഠനത്തിന് ഉപകരിക്കുന്ന മാപ്പുകളും മറ്റു പഠനോപകരണങ്ങളും ക്ലാസിൽ പ്രദർശിപ്പിക്കുന്നു. | ആവശ്യാനുസരണം | ക്ലാസ് ടീച്ചേഴ്സ് | S.S.A |

# കലാകായിക പ്രവൃത്തിപരിചയം

## പ്രവർത്തനം-1

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കലാകായിക പ്രവൃത്തി പരിചയശേഷി വർദ്ധിപ്പിക്കുന്നതിന് | ഇത്തരം ശേഷി വർദ്ധിപ്പിക്കുന്നതിന് അധ്യാപകരുടേയും , കഴിവുള്ള രക്ഷിതാക്കളുടേയും സേവനം പ്രയോജനപ്പെടുത്തി കുട്ടികൾക്ക് പരിശീലനം നൽകുന്നു. | ആഴ്ചയിൽ ഒരു ദിവസം | അദ്ധ്യാപകർ + പി.ടി.എ | പി.ടി.എ |

## പ്രവർത്തനം-2

പേര് : മികവു താരങ്ങൾക്ക് സമ്മാനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമ്മാനം നൽകി ആദരിക്കൽ | സ്കൂൾതലം, ഉപജില്ലാതലം വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നു. | ഓരോ തലത്തിലെയും മത്സരങ്ങൾക്ക് ശേഷം | അദ്ധ്യാപകർ + പി.ടി.എ | മാനേജ്മെന്റ് സ്പോൺസർഷിപ്പ് |

## പ്രവർത്തനം-1

പേര് : പച്ചക്കറിത്തോട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ഉച്ചഭക്ഷണ പരിപോഷണത്തിനായി പച്ചക്കറിത്തോട്ടം നിർമ്മിക്കൽ | വർഷത്തിൽ ഒരു തവണ | S.R.G<br>P.T.A | കൃഷിവകുപ്പ് |

## പ്രവർത്തനം-2

പേര് : ജൈവ വൈവിധ്യ പാർക്ക്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | അദ്ധ്യാപകർ | S.S.A + മാനേജ്മെന്റ് |

## പ്രവർത്തനം-3

പേര് : ക്ലാസ് പി.ടി.എ സജീവമാക്കൽ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | കൃത്യമായ അജണ്ടവച്ച് പ്രതിമാസം ചേരൽ, പഠനപുരോഗതി പരിശോധിക്കൽ മികവുകളുടെ അവതരണം | പ്രതിമാസം | ക്ലാസ് ടീച്ചർ | P.T.A |

## പ്രവർത്തനം

പേര് : പോഷകാഹാര പരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യ മുള്ള ശരീരം പഠനത്തിന് | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ഥ മെനു വച്ച് പോഷക സമൃദ്ധമായ ഉച്ച ഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങ ളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ , എച്ച്.എം | നൂൺ മീൽ ഫണ്ട് |

## പ്രവർത്തനം

പേര് : ഗവേഷണ പ്രോജക്ടുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയ ത്തിന്റെ പ്രശ്നങ്ങൾ കണ്ടെത്തുന്ന തിനും, കൂടു തൽ മികവുറ്റ താക്കുന്ന തിനും | പഠന പിന്നോ ക്കാവസ്ഥയുള്ള വർക്ക് പ്രത്യേകം വർക്ക് ഷീറ്റുകൾ തയ്യാറാക്കി നൽകും. സർവെ നടത്തി മെച്ചപ്പെ ടുത്തേണ്ടവ കണ്ടെത്തും | ആവശ്യാ നുസരണം | S.R.G ടീച്ചർ, പി.ടി.എ M.P.T.A | സ്കൂൾ പി.ടി.എ |

## പ്രവർത്തനം

പേര് : ജന്മദിനത്തിന് ഒരു പുസ്തകം

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസ് ലൈബ്രറി നവീകരണം | ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ് ഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്യും | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ് ടീച്ചർ വിദ്യാർത്ഥികൾ | പി.ടി.എ |

## മോണിറ്ററിംഗ് രീതി

- മാസത്തിലൊരിക്കൽ അധ്യാപകരുടെ ക്ലാസ്സ് പ്രധാനധ്യാപിക മോണിറ്ററിംഗ് നടത്തി നേട്ടങ്ങളും കോട്ടങ്ങളും ഒരുമിച്ചു ചർച്ച ചെയ്തു പരിഹരിക്കപ്പെടും.
- കുട്ടികളുടെ നോട്ടുബുക്കുകൾ അധ്യാപകരുടെ മേൽനോട്ടത്തിൽ വിലയിരുത്തി മാർക്ക് നിശ്ചയിച്ചു പ്രദർശിപ്പിക്കും.
- 'ക്ലാസ്സ് റും വൃത്തിയുള്ളിടം' എന്ന മുദ്രാവാക്യത്തെ ആസ്പദമാക്കി 'Star' നിശ്ചയിക്കും
- സ്കൂൾ പരിസരം വൃത്തിയാക്കുന്ന കാര്യങ്ങളിൽ P.T.A, S.S.G, M.P.T.A ഇവരുടെ മോണിറ്ററിംഗ് കൂടുതൽ ശക്തമാക്കും.
- ഉച്ചഭക്ഷണം – in charge teacher, H M & staff മോണിറ്ററിംഗ് നടത്തി ആരോഗ്യ പ്രദവും സമ്പുഷ്ടവുമാക്കും.

## ഉപസംഹാരം

വിദ്യാലയം കുട്ടികളുടെ രണ്ടാമത്തെ ഭവനം. അതിനാൽ വിദ്യാലയം കുട്ടിക്ക് ഹൃദ്യമായ ഇടമാകണം. വിദ്യാലയ പഠനപ്രവർത്തനങ്ങൾ മികവുറ്റതാക്കുക, മൂല്യങ്ങളിൽ അധിഷ്ഠിതമാക്കുക, വിദ്യാലയാന്തരീക്ഷം സുഗമവും രസകരവുമാക്കുക എന്ന ലക്ഷ്യത്തോടെ അക്കാദമിക തലത്തിലുള്ള സ്കൂൾ മാസ്റ്റർ പ്ലാൻ തയ്യാറാക്കുക എന്ന പരിശ്രമം ഏറെ കണ്ണു തുറപ്പിക്കുകയും വിദ്യാലയ പ്രവർത്തനങ്ങളെ സജീവമാക്കുകയും ചെയ്തു. ഹരിതാഭിമുഖ്യമുള്ള വിദ്യാലയ പരിസരം കൂടുതൽ ശോഭനമാകാൻ, മികവുറ്റ പഠന പ്രവർത്തനങ്ങൾ ഉണർന്നു ശോഭിക്കാൻ, നന്മകളാൽ സമ്പുഷ്ടമായ ഗ്രാമാന്തരീക്ഷം കൂട്ടായ്മയിൽ നിലനിർത്താൻ ഈ വികസന രേഖ ഒരു പടി മുന്നോട്ടു നയിക്കുന്നതിനുപകരിക്കുമെന്നു സവിനയം പ്രതീക്ഷിക്കുന്നു.

# പ്രാഥമിക വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : സെന്റ് പോൾസ് സി എൽ.പി.എസ് കണ്ണിക്കര

ക്ലാസധ്യാപികയുടെ പേര് : രഞ്ജിനി ആർ

ഒന്നാം ക്ലാസ്സിലെ കുട്ടികളുടെ എണ്ണം : 18

പ്രത്യേക പരിഗണന ആവശ്യമുള്ളവർ : 0

ഗോത്രവിഭാഗത്തിൽ പെടുന്നവർ : 0

# മലയാളം

## ആമുഖം

ഒന്നാം ക്ലാസ്സിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. എഴുത്തു, വായന, വിവിധ വ്യവഹാര രൂപങ്ങൾ ,സ്വതന്ത്രമായ പ്രതികരണങ്ങൾ, ശില്പശാല, സംയുക്ത ഡയറി,സ്വാതന്ത്രരചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതുണ്ട്.അക്കാദമികമായ നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായാ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. ഭാഷയിലെ വിവിധ തരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി, അദ്ധ്യാപിക, രക്ഷിതാവ്, മറ്റു സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളും വിലയിരുത്തലിനും സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറക്കിയിരിക്കുന്നത്.

## ലക്ഷ്യങ്ങൾ

1. ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനുമുള്ളവരാക്കുക.
2. ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
3. എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പു വരുത്തുക.
4. തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാക്കുക.
5. കുട്ടിയുടെ ശാരീരികവും മാനസികവുമായ വികാസവും ക്ഷമതയും ഉറപ്പാക്കുക.

# പ്രവർത്തന പദ്ധതി

- എല്ലാ മാസവും ഭാഷാ പിരിയഡുകളിൽ തത്സമയ നിർമ്മിത കഥകൾ വായിക്കൽ.
- ഒന്നാം തരത്തിൽ പ്രവേശിക്കുന്ന കുട്ടികളെ വായിച്ചു കേൾപ്പിക്കുന്നതിനാവശ്യമായ വായനാ കാർഡുകളുടെ സമാഹാരം
- ഭാഷാ കളരി കുട്ടികളിലും – പാട്ടുകളും കഥകളുമായി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കൽ.
- അമ്മമാർ കുട്ടി കഥകൾ അവതരിപ്പിക്കുന്നു.
- ക്ലാസ് ലൈബ്രറിയിലെ 20 പുസ്തകങ്ങൾ എങ്കിലും ഓരോ കുട്ടിയും വായിക്കുന്നതിനു അവസരം ഒരുക്കുന്നു.
- എല്ലാ ആഴ്ചകളിലും പങ്കാളിത്ത പാഠങ്ങൾ (ചോദ്യങ്ങളിലൂടെ രൂപപ്പെടുത്തുന്ന ലളിത പാഠങ്ങൾ)
- ഡയറി എഴുത്തു
- സഹായത്തോടെ കഥ പൂരിപ്പിക്കൽ , കാർട്ടൂണുകൾക്കു സംഭാഷണമെഴുതൽ

| മാസം | പ്രവർത്തനങ്ങൾ | നിർവഹണ ചുമതല |
|---|---|---|
| ജൂൺ | • ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു.<br>• രക്ഷിതാക്കൾക്ക് കഥ പറയൽ പരിശീലനം.<br>• സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. | അധ്യാപകർ<br>രക്ഷിതാക്കൾ |
| ജൂലൈ | • ടീച്ചർ പുസ്തകങ്ങൾ (കഥ) ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു.<br>വീട്ടുവായന<br>• രക്ഷിതാക്കൾ പുസ്തകങ്ങൾ വായിച്ചു കേൾപ്പിക്കുന്നു. (ചൂണ്ടി വായന )<br>• കേട്ട കഥയിലെ ആശയത്തെ | അധ്യാപകർ<br>രക്ഷിതാക്കൾ |

| | | |
|---|---|---|
| | ചിത്രീകരിക്കുന്നു.<br>• ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു.<br>• ചിത്ര കാർഡുകൾ, വായനകൾ, നിർമ്മാണ ശില്പശാല ഡിജിറ്റൽ സാധ്യതകളിലൂന്നി കഥ കാണാനും കേൾക്കാനും പുനരവതരണത്തിനുമുള്ള സാധ്യതകൾ<br>• സംയുക്ത ഡയറി കുട്ടികൾ എഴുതി തുടങ്ങുന്നു | |
| ആഗസ്റ്റ് | • തീയേറ്റർ സാദ്ധ്യതകൾ വായന കേളികൾ എന്നിവയുപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കൽ<br>• കഥയുടെ പുനരവതരണം വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെയും പ്രോപ്പർട്ടികളുടെ സഹായത്തോടെയും അവതരിപ്പിക്കാൻ അവസരം.<br>• സ്വതന്ത്ര രചന പരിപോഷിപ്പിക്കാൻ അവസരം ഒരുക്കൽ<br>• സംയുക്ത ഡയറി മെച്ചപ്പെടൽ | അധ്യാപകർ<br>വിദ്യാർത്ഥികൾ |
| സെപ്റ്റംബർ | • ചിത്രവായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു. (കുട്ടിയുടെ വാചിക പ്രകടനങ്ങൾ)<br>• ചിത്രങ്ങൾക്ക് സഹായത്തോടെ ലളിതമായ അടിക്കുറിപ്പെഴുതൽ<br>• ചിത്രവായനാക്കാർഡുകൾ തയ്യാറാക്കൽ | അധ്യാപകർ<br>വിദ്യാർത്ഥികൾ |
| ഒക്ടോബർ | • കൂട്ടവായന കുട്ടിക്കൂട്ടങ്ങൾ പരസ്പരം സഹായിച്ച് ചിത്രകഥാവായന നടത്തുന്നു.<br>• ലളിതമായ വായനക്കാർഡുകൾ സഹായത്തോടെ വായിക്കുന്നു.<br>• വേദികളിൽ സ്വതന്ത്രമായി കഥ പറയൽ | അധ്യാപകർ<br>വിദ്യാർത്ഥികൾ |
| നവംബർ | • ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി പറയുന്ന കഥ ടീച്ചറും രക്ഷിതാക്കളും എഴുതുന്നു. കുട്ടി സഹായത്തോടെ വായിക്കുന്നു.<br>• കുട്ടികൾ നിർമ്മിച്ച കഥകളുടെ പ്രകാശനം. | അധ്യാപകർ<br>വിദ്യാർത്ഥികൾ |

| | | |
|---|---|---|
| ഡിസംബർ | <u>നാട്ടുവായന</u><br>• കുട്ടികൾ നിർമ്മിച്ച കഥകൾ അവർ തന്നെ വായിക്കുന്നത് നവമാധ്യമങ്ങളിലൂടെ പങ്കിടുന്നു. | അധ്യാപകർ<br>വിദ്യാർത്ഥികൾ |
| ജനുവരി | • ടീച്ചർ മുൻകൂട്ടി തയ്യാറാക്കിയ കഥകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ വായിക്കുന്നു.<br>• വായനക്കാർഡുകൾ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കുന്നു. | അധ്യാപകർ<br>വിദ്യാർത്ഥികൾ |
| ഫെബ്രുവരി | • ചെറിയ ചെറിയ ബാലസാഹിത്യ കൃതികൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു. കുട്ടികൾ രക്ഷിതാക്കളുടെ പിന്തുണയോടെ വായിക്കുന്നു.<br>• ചിത്രകഥാ പുസ്തകങ്ങൾ വായിക്കുന്നു. സചിത്ര പുസ്തകങ്ങൾ വായിക്കുന്നു. നവ മാധ്യമങ്ങളിൽ പങ്കിടുന്നു. | അധ്യാപകർ<br>വിദ്യാർത്ഥികൾ |
| മാർച്ച് | ചിത്രകഥാ പുസ്തകങ്ങൾ വായിക്കുന്നു. സചിത്ര പുസ്തകങ്ങൾ വായിക്കുന്നു. നവ മാധ്യമങ്ങളിൽ പങ്കിടുന്നു. | അധ്യാപകർ<br>വിദ്യാർത്ഥികൾ |

# പരിസരപഠനം

## ലക്ഷ്യങ്ങൾ

- ഭക്ഷ്യമേള – പ്രദർശനം, നടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും
- പുഷ്പോദ്യാനം, ഔഷധ തോട്ടം വീടുകളിൽ
- ചെടികൾ നിരീക്ഷിച്ച പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന കണ്ടെത്തുന്ന .
- വിവിധതരം സസ്യങ്ങൾ (വലിയ മരങ്ങൾ, ചെറിയ ചെടികൾ, പോകുന്നവ, പൂക്കാത്തവ)കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
- സസ്യങ്ങൾക്ക് വേര്, തണ്ടു,ഇല പൂവ് കായ തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന നിരീക്ഷിച്ച കണ്ടെത്തുന്നു.
- പൂക്കളുടെ സാമ്യ വ്യത്യാസങ്ങൾ (നിറം,ഇതളുകളുടെ എണ്ണം, പ്രയോജനം,ചെറുത്,വലുത്) പട്ടികപ്പെടുത്തുന്നു.
- നിറം,രുചി,ആകൃതി,മനം,വലിപ്പം എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു. പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിനു നല്ലതാണെന്ന മനസിലാക്കുന്നു.

| മാസം | പ്രവർത്തനങ്ങൾ | നിർവഹണ ചുമതല |
|---|---|---|
| ജൂൺ | ചെടികൾ നിരീക്ഷിച്ച പൂക്കളിൽ നിരവധി വ്യത്യസ്തകൾ ഉണ്ടെന്ന കണ്ടെത്തൽ<br>പ്രകൃതി നടത്തം | അധ്യാപകർ<br>രക്ഷിതാക്കൾ |
| ജൂലൈ | ചെടികൾനിരീക്ഷിച്ച പൂക്കളിൽ നിരവധി വ്യത്യസ്തകൾ ഉണ്ടെന്ന കണ്ടെത്തൽ<br>ചുറ്റുപാടുമുള്ള മരങ്ങൾ ,ചെടികൾ നിരീക്ഷിക്കുന്നു. | അധ്യാപകർ<br>വിദ്യാർത്ഥികൾ |
| ആഗസ്റ്റ് | ചെടികൾനിരീക്ഷിച്ച പൂക്കളിൽ നിരവധി വ്യത്യസ്തകൾ ഉണ്ടെന്ന കണ്ടെത്തൽ<br>പലതരത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു | അധ്യാപകർ<br>വിദ്യാർത്ഥികൾ |

| | | |
|---|---|---|
| സെപ്റ്റംബർ | ചെടികൾക്ക് വേര്,തണ്ട് ,ഇല, പൂവ്, കായ് എന്നീ ഭാഗങ്ങൾ ഉണ്ടെന്നു കണ്ടെത്തുന്നു<br><br>സ്കൂളിൽ പൂന്തോട്ടം നിർമ്മിക്കുന്നു | പ്രധാനാധ്യാപിക<br>അധ്യാപകർ<br>രക്ഷിതാക്കൾ |
| ഒക്ടോബർ - നവംബർ | പൂന്തോട്ടത്തിൽ നിന്നും ചെടികളെ നിരീക്ഷിച്ച് അവയുടെ ഭാഗങ്ങൾ കണ്ടെത്തുന്നു | അധ്യാപകർ<br>വിദ്യാർത്ഥികൾ |
| ഡിസംബർ | • ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നു<br>• പച്ചക്കറികൾ ,പഴങ്ങൾ, കിഴങ്ങുകൾ, പൂക്കൾ എന്നിവ കൊണ്ട് വരുന്നു ഓരോന്നിന്റെയും ഏതു ഭാഗമാണ് ഭക്ഷണയോഗ്യമായതെന്നു കണ്ടെത്തുന്നു | വിദ്യാർത്ഥികൾ<br><br>രക്ഷിതാക്കൾ<br><br>അധ്യാപകർ |
| ജനുവരി, ഫെബ്രുവരി, മാർച്ച് | രക്ഷിതാവിന്റെ സഹായത്തോടെ അടുക്കള തോട്ടം നിർമ്മിക്കുന്നു | അധ്യാപകർ<br>വിദ്യാർത്ഥികൾ<br><br>രക്ഷിതാക്കൾ |

# ഗണിതം

## ആമുഖം

ഒന്നാം ക്ലാസ്സിൽ നിന്ന് തന്നെ ഗണിത പ്രവർത്തനങ്ങൾ രസകരമായി കുട്ടി നേടിയെടുക്കേണ്ടതുണ്ട്. ഗണിത പ്രവർത്തനങ്ങൾ ജീവിതത്തിൽ ഒഴിച്ച് കൂടാൻ പറ്റാത്ത ഒന്നാണല്ലോ. ഭാഷയിലും ശാസ്ത്രത്തിലും മറ്റ ഇതര പ്രവർത്തനങ്ങളിൽ അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കേണ്ടത് നമുക്കാവശ്യമാണ്. ജീവിതത്തിൽ ഓരോ വ്യക്തിയും ഒഴിച്ചു കൂടാത്ത അത്യന്താപേക്ഷിതമാണ് ഗണിത പ്രവർത്തനങ്ങൾ. ഗണിതം ഇല്ലാതെ ജീവിതത്തിൽ ഒന്നുമില്ല എന്നു തന്നെ പറയാം. ഗണിതം പാട്ടിലൂടെയും കളികളിലൂടെയും ആസ്വാദ്യകരമാക്കാവുന്നതാന്. പല തരത്തിൽ ഗണിതാശയങ്ങൾ നേടിയെടുക്കാൻ സാധ്യമാകുന്ന തരത്തിൽ തന്നെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത്.

## ലക്ഷ്യങ്ങൾ

1. ഗണിത മാഗസിൻ
2. ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം
3. ഗണിതപ്രവർത്തനങ്ങൾ കളിയിലൂടെ
4. ഒരു സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശനങ്ങൾ നിർധാരണം ചെയ്യുന്നതിന് കഴിവ് നേടുക.
5. ഒന്ന് മുതൽ അഞ്ചു വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു,എഴുതുന്നു.
6. അഞ്ചു വരെയുള്ള എണ്ണത്തെ പകുതി,തുല്യം,കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
7. ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.

# പ്രവർത്തന പദ്ധതി

| മാസം | പ്രവർത്തനങ്ങൾ | നിർവഹണ ചുമതല |
|---|---|---|
| ജൂൺ | സംഖ്യാബോധം<br>• സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം<br>• സംഖ്യകൾ തിരിച്ചറിഞ്ഞു പറയുന്നു<br>• സംഖ്യാ കാർഡ്<br>• നിർമ്മിക്കൽ | അധ്യാപകർ<br>രക്ഷിതാക്കൾ |
| ജൂലൈ | ഗണിത കിറ്റ്<br>• ഗണിത പഠനത്തിന് സഹായകമായ തരത്തിൽ പസിലുകൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു.<br>വലിയ സംഖ്യ<br>• ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ | അധ്യാപകർ<br>രക്ഷിതാക്കൾ |
| ആഗസ്റ്റ് | ചെറിയ സംഖ്യ<br>തിരിച്ചറിയൽ പ്രവർത്തനങ്ങൾ<br>• വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനം | അധ്യാപകർ<br>രക്ഷിതാക്കൾ |
| സെപ്റ്റംബർ | സങ്കലന ക്രിയകൾ<br>• സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ<br>• രണ്ടക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ<br>• ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും.<br>• ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം | അധ്യാപകർ<br>രക്ഷിതാക്കൾ |
| ഒക്ടോബർ | ഒറ്റ സംഖ്യകൾ ,ഇരട്ട സംഖ്യകൾ<br>• ഒറ്റ സംഖ്യകൾ, ഇരട്ട സംഖ്യകൾ തിരിച്ചറിയൽ<br>• ഒന്നിടവിട്ട സംഖ്യകൾ ഒറ്റ സംഖ്യാ ,ഇരട്ട സംഖ്യ എന്ന തിരിച്ചറിവ് ഉണ്ടാക്കൽ | അധ്യാപകർ<br>രക്ഷിതാക്കൾ |
| നവംബർ | സംഖ്യാഗാനങ്ങൾ<br>• സംഖ്യാഗാനങ്ങൾ പാടുന്നു ശേഖരിക്കുന്നു. | അധ്യാപകർ<br>രക്ഷിതാക്കൾ |

| | | |
|---|---|---|
| | • ഗണിത പ്രവർത്തനങ്ങൾ ആസ്വാദകരം ആക്കുന്നു. | |
| ഡിസംബർ | <u>വർക്ക് ഷീറ്റ്</u><br>• സംഖ്യകളെ സുന്ദരിയാക്കൽ വർക്ക് പ്രവർത്തനങ്ങൾ<br>• My number Bag തയ്യാറാക്കൽ | അധ്യാപകർ രക്ഷിതാക്കൾ |
| ജനുവരി | <u>വ്യവകലന പ്രവർത്തനങ്ങൾ</u><br>• ഒരക്ക സംഖ്യയും രണ്ടു സംഖ്യയും തമ്മിലുള്ള വ്യവകലാനാ പ്രവർത്തനങ്ങൾ<br>10=1+9, 10-2=8, 10-3=7, .......... | അധ്യാപകർ രക്ഷിതാക്കൾ |
| ഫെബ്രുവരി | <u>ചിഹ്നങ്ങൾ തിരിച്ചറിയൽ</u><br>• സങ്കലനം ,വ്യവകലനം (+,-) എന്നീ ചിഹ്നങ്ങൾ തിരിച്ചറിവ് നേടുന്നു. | അധ്യാപകർ രക്ഷിതാക്കൾ |
| മാർച്ച് | <u>ഗണിത കിറ്റ്</u><br>• ഗണിത കിറ്റ് പ്രവർത്തനങ്ങൾ ചെയ്യുന്നു.<br>• സംഖ്യകളുടെ പകുതി,തുല്യം, തിരിച്ചറിയൽ പ്രവർത്തനങ്ങൾ ഗണിത കിട്ടിലൂടെ സാധ്യമാക്കൽ<br>• ഗണിത മാഗസിൻ | അധ്യാപകർ രക്ഷിതാക്കൾ |

# ENGLISH

## Aim

To speak, read and write English without any mistakes.
Providing opportunities to hear English language extensively

| MONTH | ACTIVITIES | IN-CHARGE |
|---|---|---|
| June | Skills<br>• To learn listening skills and reading skills<br>• Description, growing sentences, picture reading, riddles,quiz | Teachers<br>Parents<br>Students |
| July | Reading Skills<br>• Reading breaking news<br>• Find words from reading materials<br>• Rhyming words | Teachers<br>Students |
| August | Describing words from text book activities | Teachers<br>Students |
| September | Writing Skills<br>• Make word web | Teachers<br>Students |
| October | Picture description | Teachers<br>Students |
| November | Writing Skills<br>Word Chain | Teachers<br>Students |
| December | Make word web | Teachers<br>Students |
| January | Story Telling | Teachers<br>Parents<br>Students |

| | | |
|---|---|---|
| **February** | **Riddles** | **Teacher**<br>**Students** |
| **March** | **Conversation** | **Teachers**<br>**Students** |

# പ്രാഥമിക വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : സെന്റ് പോൾസ് സി എൽ.പി.എസ് കണ്ണിക്കര

ക്ലാസധ്യാപികയുടെ പേര് : സിസ്റ്റർ ഷൈനി പി ഡി

രണ്ടാം ക്ലാസ്സിലെ കുട്ടികളുടെ എണ്ണം : 20

പ്രത്യേക പരിഗണന ആവശ്യമുള്ളവർ : 0

ഗോത്രവിഭാഗത്തിൽ പെടുന്നവർ : 0

# പ്രവർത്തന പദ്ധതികൾ

## മലയാളം

പ്രവർത്തനം : 1
പേര് : **പുസ്തകം എന്റെ ചങ്ങാതി**
ഉപമേഖല വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
